**ചരമോപചാരം**

ജേക്കബ് സ്കറിയ

മുൻ നിയമസഭാംഗം ജേക്കബ് സ്കറിയ 2016 ഫെബ്രുവരി 28-ന് അന്തരിച്ചു.

കെ.എസ്. ജേക്കബിന്റെയും ശോശാമ്മയുടെയും മകനായി 1939 സെപ്റ്റംബർ 2-ന് ജേക്കബ് സ്കറിയ ജനിച്ചു. ചങ്ങനാശേരി എസ്.ബി. കോളേജിൽ നിന്ന് വിദ്യാഭ്യാസം പൂർത്തിയാക്കി.

അഭിഭാഷകനായി കർമ്മരംഗത്ത് എത്തിയ അദ്ദേഹം 1970-ൽ റാന്നി നിയോജകമണ്ഡലത്തിൽ നിന്നും നാലാം കേരള നിയമസഭയിലേക്ക് സി.പി.ഐ(എം) പിന്തുണയോടെ സ്വതന്ത്രനായി തെരഞ്ഞെടുക്കപ്പെട്ടു. പത്തനംതിട്ട ബാർ അസോസിയേഷൻ സെക്രട്ടറി, റാന്നി സെന്റ് തോമസ് കോളേജ് ഗവേണിംഗ് ബോർഡ് അംഗം, പത്തനംതിട്ട പ്രോഗ്രസ്സീവ് ലോയേഴ്സ് അസോസിയേഷൻ അംഗം, ക്നാനായ അസോസിയേഷൻ അംഗം എന്നീ വ്യത്യസ്ത മേഖലകളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

ജേക്കബ് സ്കറിയയുടെ നിര്യാണത്തോടെ മികച്ച ഒരു പാർലമെന്റേറിയനേയും ഒരു മാതൃകാ പൊതുപ്രവർത്തകനേയുമാണ് നമുക്ക് നഷ്ടമായിട്ടുള്ളത്.

കാവാലം നാരായണപ്പണിക്കർ

കാവാലം നാരായണപ്പണിക്കർ 2016 ജൂൺ 26-ന് അന്തരിച്ചു.

ആലപ്പുഴ ജില്ലയിലെ കുട്ടനാട്ടിൽ ചാലയിൽ കുടുംബത്തിൽ ഗോദവർമ്മയുടെയും

കുഞ്ഞുലക്ഷ്മി അമ്മയുടെയും മകനായി 1928 ഏപ്രിൽ 28-ന് അദ്ദേഹം ജനിച്ചു.

അഭിഭാഷകനായി ജീവിതവൃത്തി ആരംഭിച്ച അദ്ദേഹം നാടകത്തോടുള്ള അഭിനിവേശം കാരണം മുഴുവൻ സമയ നാടക പ്രവർത്തകനാകുകയായിരുന്നു.

കേരളത്തിലെ നാടൻ കലാരൂപങ്ങളുടെയും അനുഷ്ഠാന കലകളുടെയും പാരമ്പര്യത്തിലൂന്നി നിന്നുകൊണ്ട് അദ്ദേഹം രചിച്ച നാടകങ്ങൾ ആധുനിക മലയാള നാടകവേദിക്ക് ഏറെ ഊർജ്ജം പകർന്നുനൽകി. മലയാള നാടക വേദിക്ക് പുതുവഴികൾ വെട്ടിത്തെളിയിച്ച അദ്ദേഹം, തനതു കലാരൂപങ്ങളെ നാടകവേദിയിലേയ്ക്ക് സമർത്ഥമായി സമന്വയിപ്പിച്ചു. ഈ ധൈഷണിക മൗലികത അദ്ദേഹത്തിന്റെ പ്രതിഭയുടെ സവിശേഷതയായിരുന്നു. തനതു നാടകം എന്ന സങ്കൽപ്പത്തെ അരങ്ങിൽ സാക്ഷാത്ക്കരിച്ച 'ദൈവത്താർ, അവനവൻകടമ്പ, കരിങ്കുട്ടി' തുടങ്ങിയ നാടകങ്ങളിലൂടെയും ഭാസന്റെയും കാളിദാസന്റെയും നാടകങ്ങൾക്ക് രചിച്ച രംഗഭാഷ്യങ്ങളിലൂടെയും അദ്ദേഹം മലയാള നാടകവേദിയെ അന്താരാഷ്ട്രതലത്തിൽ തന്നെ പ്രശസ്തമാക്കി. നിരവധി പദങ്ങളുടെ രചനയിലൂടെ കേരളത്തിന്റെ തനത് ക്ലാസിക്കൽ നൃത്തരൂപമായ മോഹിനിയാട്ടത്തിന് അദ്ദേഹം നൽകിയ സംഭാവന അമൂല്യമാണ്. കാർഷിക സംസ്കൃതിയുടെ ചൂരും താളവും നിറഞ്ഞ നാടൻ പാട്ടുകളിലൂടെയും കവിതകളിലൂടെയും മലയാള സാഹിത്യത്തെ സമ്പുഷ്ടമാക്കിയ കാവാലം രചിച്ച ഒരുപിടി ചലച്ചിത്ര ഗാനങ്ങൾ വേറിട്ട ഒരു ശ്രുവ്യാനുഭവമാണ് കൈരളിക്ക് സമ്മാനിച്ചത്.

കേരള സംഗീത നാടക അക്കാദമി ചെയർമാൻ, കേന്ദ്ര സംഗീത നാടക അക്കാഡമി വൈസ് ചെയർമാൻ, തിരുവരങ്ങ്, സോപാനം എന്നീ നാടകക്കൂട്ടായ്മകളുടെ ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹത്തിന് കേരള സാഹിത്യ അഡാക്കമി  പുരസ്കാരം, വള്ളത്തോൾ പുരസ്കാരം, കേരള സാഹിത്യ അക്കാഡമി വിശിഷ്ടാംഗത്വം, മികച്ച ചലച്ചിത്രഗാന രചയിതാവിനുള്ള സംസ്ഥാന പുരസ്കാരം, മധ്യപ്രദേശ് ഗവൺമെന്റിന്റെ കാളിദാസ് സമ്മാനം എന്നിവ ലഭിച്ചിട്ടുണ്ട്. 2007-ൽ പദ്മ ഭ്രൂഷൺ നൽകി രാഷ്ട്രം അദ്ദേഹത്തെ ആദരിച്ചു.

സഫലമായ ഒരു ജീവിതത്തിനുശേഷം കാവാലം നാരായണപ്പണിക്കർ അരങ്ങൊഴിയുമ്പോൾ സാംസ്കാരിക കേരളത്തിന് നഷ്ടമായിരിക്കുന്നത് പകരം വയ്ക്കാനില്ലാത്ത ഒരു പ്രതിഭയെയാണ്.

അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)